# 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2498** — **23-02-2026 - ൽ മറുപടിയ്ക്ക്**

## കണ്ണൂർ ജില്ലയിൽ ഉണ്ടായ വ്യാവസായിക മുന്നേറ്റങ്ങളുടെ സംക്ഷിപ്ത രൂപം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ 5 വർഷക്കാലം വ്യാവസായിക രംഗത്തും സംരംഭകരുമായി ബന്ധപ്പെട്ടും കണ്ണൂർ ജില്ലയിൽ ഉണ്ടായ മുന്നേറ്റങ്ങളുടെ സംക്ഷിപ്ത രൂപം ലഭ്യമാക്കാമോ? | (എ) | സംസ്ഥാന സർക്കാർ, വ്യവസായ വാണിജ്യ വകുപ്പ വഴി നടപ്പിലാക്കുന്ന **"ഒരു വർഷം ഒരു ലക്ഷം സംരംഭം"** എന്ന പദ്ധതി 2022-23 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചു. പ്രസ്തുത ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി കണ്ണൂർ ജില്ലയിലെ 81 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി ബിടെക്/ എം.ബി.എ യോഗ്യതയുള്ള 94 ഇന്റേൺമാരെ നിയമിച്ചു പ്രവർത്തനം നടത്തി. സംരംഭക വർഷത്തിന്റെ ഭാഗമായി ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2022-23 സാമ്പത്തിക വർഷം മുതൽ ഓരോ വർഷവും ജനറൽ ഓറിയന്റേഷൻ പരിപാടിയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളേയും ബാങ്കുകളേയും ഏകോപിപ്പിച്ചു കൊണ്ട് ജില്ലയിലെ സംരംഭകർക്കായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സംരംഭക സഭ, ലോൺ മേള തുടങ്ങിയവ നടത്തി.<br><br>ജില്ലയിലും താലൂക്കുകളിലുമായി ഇൻഡസ്ട്രീസ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ചു.<br><br>ഇൻഡസ്ട്രിയൽ പ്രമോഷന്റെ ഭാഗമായി 2021 മുതൽ എം.എസ്.എം.ഇ ക്ലിനിക്, ടെക്നോളജി ക്ലിനിക്, ബാങ്കേഴ്സ് മീറ്റ്, ഇൻവെസ്റ്റ്മെന്റ് മീറ്റ്, എക്സിബിഷനുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു. കൂടാതെ, വിഷു, ഓണം, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ കാലയളവിൽ കൈത്തറി മേളകളും സംഘടിപ്പിച്ചു വരുന്നു. കൂടാതെ സംരംഭക പരിശീലന പരിപാടികളായ സംരംഭകത്വ വികസന പരിപാടി, തദ്ദേശസ്വയംഭരണ/വിദ്യാഭ്യാസ മേഖലയിലെ ബോധവൽക്കരണ പരിപാടി, ടെക്നോളജി മാനേജ്മെന്റ് പ്രോഗ്രാം തുടങ്ങിയവയും സംഘടിപ്പിച്ചു വരുന്നു.<br><br>പുതുതായി 25 **"മിഷൻ 1000"** അപേക്ഷകൾ സാങ്ഷൻ ചെയ്ത് സബ്സിഡി കൊടുക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കഴിഞ്ഞ 5 വർഷക്കാലം അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിലെ ആന്തൂർ വ്യവസായ വികസന പ്ലോട്ടിൽ റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി 4.589 കോടി രൂപ അനുവദിച്ചിട്ടുണ്ട്. റോഡ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള ഡ്രെയിനേജ് പ്രവൃത്തികൾക്കായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ആന്തൂർ വ്യവസായ വികസന പ്ലോട്ടിൽ ഫീഡർലൈൻ സ്ഥാപിക്കുന്നതിനായി 67,91,780/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയായിട്ടുണ്ട്. ഫീഡർലൈനും സ്ഥാപിച്ചിട്ടുണ്ട്.<br><br>സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഇക്കാലയളവിൽ 28968 സംരംഭങ്ങൾ ആരംഭിക്കുകയും 2023.84 കോടി രൂപയുടെ നിക്ഷേപം ആർജ്ജിക്കുകയും 59398 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.<br><br>സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്കീം പ്രകാരം 5 സ്ഥാപനങ്ങൾക്ക് ഡവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതി പ്രകാരം 1 സ്ഥാപനത്തിനും ഡവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.<br><br>കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ 67 കമ്പനികൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. ഇതിലൂടെ 591 കോടി രൂപയുടെ നിക്ഷേപം ആർജ്ജിക്കുകയും 2700 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. കിൻഫ്ര വ്യവസായ പാർക്കുകളിൽ 128 പേർക്ക് ഭൂമി അനുവദിച്ചു. ഇതിലൂടെ 221 കോടി രൂപയുടെ നിക്ഷേപവും 2500 തൊഴിലവസരങ്ങളും സൃഷ്ടിച്ചു.<br><br>സംരംഭക സഹായ പദ്ധതി പ്രകാരം 357 വ്യവസായ യൂണിറ്റുകൾക്ക് 19,30,36,558/- രൂപ അനുവദിച്ചിട്ടുണ്ട്. വ്യവസായ ഭദ്രത പദ്ധതി പ്രകാരം 56 ഗുണഭോക്താക്കൾക്ക് 14,00,174/- രൂപ അനുവദിച്ചിട്ടുണ്ട്. ഒരു കുടുംബം ഒരു സംരംഭം പദ്ധതി പ്രകാരം 197 വ്യവസായ യൂണിറ്റുകൾക്ക് 38,53,646/- രൂപ അനുവദിച്ചിട്ടുണ്ട്. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി പ്രകാരം 159 സംരംഭകർക്ക് 3,58,33,412/- രൂപ അനുവദിച്ചിട്ടുണ്ട്. മിഷൻ 1000 പദ്ധതിയിലൂടെ 6 യൂണിറ്റുകൾക്ക് 4,09,300/- രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ